# പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.89 — 12/06/2013 ൽ മറുപടിക്ക്

### സൗജന്യ ജനറിക് മരുന്നുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. മന്ത്രിസഭയുടെ ഒന്നാം വാർഷികവുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികളിലെ എല്ലാ വിഭാഗം രോഗികൾക്കും സൗജന്യമായി ജനറിക് മെഡിസിൻ വിതരണം ചെയ്യുവാൻ തീരുമാനിച്ച പദ്ധതി നടപ്പിലാക്കുകയും ചെയ്തു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) | സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി വരുന്ന എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ, എല്ലാ വിഭാഗം രോഗികൾക്കും (ആദായനികുതി അടയ്ക്കുന്നവർ ഒഴികെയുള്ള) ജനറിക് മരുന്നുകൾ സൗജന്യമായി ലഭിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. |
| (സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; | (സി) | ആരോഗ്യ വകുപ്പും, ആരോഗ്യവകുപ്പിനു കീഴിൽ വരുന്ന ആശുപത്രികൾക്ക് അവശ്യം വേണ്ട മരുന്നുകളുടെ പേരും തോതും ബന്ധപ്പെട്ട ഡയറക്ടർമാർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ അറിയിക്കുന്നു. അതനുസരിച്ചുള്ള ജനറിക് മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ച് ആവശ്യാനുസരണം ആശുപത്രികൾക്ക് വിതരണം ചെയ്തു വരുന്നു. 2012 നവംബർ 1-ാം തീയതി പ്രാരംഭഘട്ടമായി സംസ്ഥാനത്തെ 5 |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കോളേജുകളിലും (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജനറൽ ആശുപത്രികളിലും ആരംഭിച്ചു. ഈ പദ്ധതിയുടെ പ്രയോജനം പ്രാഥമിക – സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും കൂടെ വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ഡി) | തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി ലഭ്യമാക്കിയ 330 ഇനം മരുന്നുകൾ അടങ്ങിയ ലിസ്റ്റിൽ നിന്നും നിലവിലുള്ള അവശ്യമരുന്ന പട്ടികയിൽ ഒഴിച്ചുള്ള 314 ഇനം മരുന്നുകളുടെ പട്ടിക (റാഷണൽ ഡ്രഗ് ലിസ്റ്റ് (RDL) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറുകയുണ്ടായി.<br>ഈ പദ്ധതി പ്രാരംഭ ഘട്ടമായി ആരംഭിച്ച സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജുകൾക്കും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജനറൽ ആശുപത്രികൾക്കും ആവശ്യമായ മരുന്നുകളുടെ ഇൻഡന്റ് ബന്ധപ്പെട്ട ഡയറക്ടർമാർ മുഖേന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ അറിയിക്കുകയും പ്രസ്തുത ലിസ്റ്റ് പ്രകാരമുള്ള മരുന്നുകൾ 2012 നവംബർ 1 മുതൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച് മേൽ സൂചിപ്പിച്ച ആശുപത്രികളിൽ വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ